
ലീസാക്കിന്റെ കുരങ്ങൻ
ചൈനയിൽ പണ്ട് ലീസാക്ക് എന്നൊരു കുരങ്ങാട്ടിയുണ്ടായിരുന്നു. ഒരിക്കൽ അയാൾ ഷിയാ എന്ന നഗരത്തിലെത്തി.
ചിൻ, കുറച്ചു നാൾ ഇവിടെ കൂടാം.
തന്റെ കുരങ്ങൻ കൊള്ളാമല്ലോടോ.
ബലേഭേഷ്!
ലീസാക്കിന് ധാരാളം പണം കിട്ടി.
ചിൻ, ഇതെല്ലാം നിന്റെ മിടുക്കാണ്.
എന്നാൽ ചിന്നിന് ഒരു ദോഷമുണ്ടായിരുന്നു. രാത്രിയിൽ അവൻ വീടുകളിൽ കയറും –
– എന്നിട്ട് കളിപ്പാട്ടങ്ങളും മറ്റും മോഷ്ടിക്കും.
ങേ? ഹയ്യോ!


ചിന്നിന് കളിപാട്ടങ്ങൾ വളരെയിഷ്ടമായിരുന്നു.
എടാ, വികൃതീ, മോഷണം തെറ്റാണ്. തിരിച്ചുകൊടുക്ക്.
ലീ, നിങ്ങളുടെ കുരങ്ങൻ കാണിച്ചതുകണ്ടില്ലേ?
ക്ഷമിക്കണേ.
© JINGLE BELL CREATION
അവൻ മഹാവികൃതിയാ. ഇതാ, നിങ്ങളുടെ സാധനങ്ങൾ.
എന്നാൽ ഒരു ദിവസം –
ഹയ്യോ! ഓടിവരൂ.
ഇവിടിരുന്ന സ്വർണ്ണമാല കാണുന്നില്ല!
ങേ?!
മറ്റൊരു വീട്ടിൽ –
എന്റെ രണ്ടുവളകളാ പോയത്!



സംശയമില്ല. ഇതാ കുരങ്ങന്റെ വേല തന്നെ.
ചതിയാ, കുരങ്ങനെ വിട്ട് സ്വർണ്ണം മോഷ്ടിക്കും അല്ലേ?
ഹയ്യോ! ഇല്ല.
ചിൻ, മര്യാദയ്ക്ക് ഇവരുടെ സാധനങ്ങൾ തിരിച്ചുകൊടുക്കൂ.
ചിൻ ഇല്ലെന്നു തലയാട്ടി. ലീസാക്ക് നിരാശയും സങ്കടവുംകൊണ്ട് അവനെ തല്ലി.
നിന്നെ യിനി എനിക്കു വേണ്ട.
ലീസാക്ക് നടന്നകന്നു –
അന്നുരാത്രി മറ്റൊരു വീട്ടിൽ –
ഹ!ഹ! ആർക്കു മെന്നെ സംശയം തോന്നിയിട്ടില്ല.


കള്ളൻ ജനാല വഴി ഇറങ്ങുമ്പോൾ -
ഹയ്യോ എന്താ ണിത്?
ആ...
ഓടിവാ. ലീസാക്കിന്റെ കുരങ്ങൻ കള്ളനെ പിടിച്ചു!
ഇതു നമ്മുടെ ലു അല്ലേ? പാൽക്കാരൻ?
കഷ്ടം! ആ ലീസാക്കിനെ തെറ്റിദ്ധ രിച്ചു.
അവർ ലിസാ ക്കിനെ തിരികെ കൊണ്ടുവന്നു.
ചിൻ, പക്ഷേ, ഞാൻ നിന്നെ കള്ളനെന്നു വിചാരിച്ചല്ലോ മാപ്പ്!